DESPATCHED
On..05/03/2020
14.1.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2111*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *13008 /എസ്.ഐ.സി-ജി 6/14*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.കരുണാകരക്കുറുപ്പ്
കുഴിക്കണ്ടത്തചന്റ, പുന്നപ്പിലാവിൽ
കൊയിലാണ്ടി താലൂക്ക്, ബാലുശ്ശേരി പുത്തൂർവ്വട്ടം
തുരുത്യാട് പോസ്റ്റ് –673612** } **പരാതി ഹർജിക്കാരൻ**

**Vs**

**1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി, ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്
ബാലുശ്ശേരി പി.ഒ,കോഴിക്കോട്**
**2. അപ്പീൽ അധികാരി ആന്റ്
ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്
കോഴിക്കോട്** } **എതിർകക്ഷികൾ**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ ശരിയായ വിവരം ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ട ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ ബി.പി.2/223 നമ്പർ കുടിലിന് ഓണർഷിപ്പ് നൽകാൻ നിർവ്വാഹമില്ലെന്നാണ്. അസ്സസ്മെന്റ് രജിസ്റ്റർ പരിശോധിച്ചപ്പോഴും വാർഡ് ക്ലാർക്ക് പരിശോധിച്ചതിലും, ബി.പി.2/223 നമ്പർ കുടിൽ

പൊളിച്ചുപോയതിനാൽ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് നൽകാനാവില്ല എന്ന് എസ്.പി.ഐ.ഒ പറഞ്ഞിരിക്കുന്ന കുടിൽ ഇപ്പോഴും നില നിൽക്കുന്നുവെന്നതാണ് ഹർജിക്കാരന്റെ ആക്ഷേപം.

3. എസ്.പി.ഐ.ഒ. സമർപ്പിച്ച ആദ്യ റിപ്പോർട്ടിന്മേൽ വിശദീകരണം തേടുന്നതിനായി ഇരുകക്ഷികളെയും 07.11.2019 ന് വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ്, കോഴിക്കോട് നടന്ന ഹിയറിംഗിന് ഹാജരാകാൻ കത്ത് നൽകുകയും ഇരു കക്ഷികളും ഹാജരാകുകയും, സമർപ്പിച്ച രേഖകളും റിപ്പോർട്ടും പരിശോധിച്ചതിൽ, പ്രസ്തുത സ്ഥലം ഒരിക്കൽ കൂടി സന്ദർശിച്ച് റിപ്പോർട്ട് നൽകാൻ കമ്മീഷൻ നിർദ്ദേശിക്കുകയും, ആയതിൻപ്രകാരം എസ്.പി.ഐ.ഒ 11.11.2019 ൽ സമർപ്പിച്ച റിപ്പോർട്ടിൽ, ടി സ്ഥലം നേരിട്ടു സന്ദർശിച്ചുവെന്നും, ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ പഴയ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം ഓല, മൺതറ, ഒരു മുറി, അടുക്കള എന്ന് കാണിച്ച് ബി.പി.2/223 നമ്പർ കുടിൽ പൊളിച്ച് മാറ്റി ആ സ്ഥാനത്ത് ശീമക്കൊന്നയുടെ കമ്പുകൾ നാട്ടി ഫ്ളക്സ് ബോർഡ് കൊണ്ട് മറച്ച വാസയോഗ്യമല്ലാത്ത പുതിയ ഒരു നിർമ്മിതിയാണ് കാണാൻ കഴിഞ്ഞതെന്നും, ഓണർഷിപ്പിന് അപേക്ഷ സമർപ്പിച്ച സമയത്ത് ഉണ്ടായിരുന്നതും ടി രീതിയിലുള്ള നിർമ്മിതി ആയതിനാലാണ് ഓണർഷിപ്പ് നൽകാൻ നിർവ്വാഹമില്ലെന്നറിയിച്ചതെന്നും, ഹിയറിംഗ് സമയത്ത് ഹർജിക്കാരൻ ഒരു ക്വാറിയെപ്പറ്റി പരാമർശിച്ചെന്നും, ടി ക്വാറി 20 വർഷം മുമ്പ് പ്രവർത്തനം നിർത്തിയതാണെന്നും, നിലവിൽ മത്സ്യം വളർത്തുന്നതിനായി ഉപയോഗിക്കുകയാണെന്നും അറിയിക്കുന്നുവെന്നാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ കമ്മീഷന്റെ നിർദ്ദേശ പ്രകാരം എസ്.പി.ഐ.ഒ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചതിൽ ടി റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകാൻ നിർദ്ദേശിച്ച് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജനുവരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM



res